# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:290 27.02.2017-ൽ മറുപടിക്ക്

## കാൻസർ രോഗനിർണയ കേന്ദ്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ രോഗം മുൻകൂട്ടി കണ്ടുപിടിക്കാൻ താലൂക്ക് കേന്ദ്രങ്ങളിൽ രോഗനിർണയ സെല്ലുകൾ ആരംഭിക്കാൻ പദ്ധതി തയ്യാറാക്കുമോ; | (എ) | സംസ്ഥാനത്ത് കാൻസർ രോഗികളുടെ എണ്ണം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ രോഗികളുടെ എണ്ണത്തിന് ആനുപാതികമായി കാൻസർ ചികിത്സാ കേന്ദ്രങ്ങൾ സർക്കാർ തലത്തിൽ ലഭ്യമാക്കുന്നതിന് സംസ്ഥാന ആരോഗ്യ വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് ജില്ലാ കാൻസർ കെയർ സെന്റർ. ഈ പദ്ധതി പ്രകാരം എല്ലാ ജില്ലയിലും ഓരോ ക്യാൻസർ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കുകയും ഡോക്ടർമാർക്കും, സ്റ്റാഫ് നഴ്സുമാർക്കും ആർ.സി.സി.യിൽ പരിശീലനം നൽകി വിന്യസിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ കീമോ തെറാപ്പി ഉൾപ്പെടെയുള്ള ക്യാൻസർ ചികിത്സാ രീതികളും രോഗ നിർണ്ണയ സംവിധാനങ്ങളും സജ്ജമാക്കിയിട്ടുണ്ട്. ഇത് താലൂക്കാശുപത്രി ഉൾപ്പെടെയുള്ള മറ്റ് ആശുപത്രികളിലേക്കും വിന്യസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | നിലവിൽ ഇത്തരം രോഗനിർണയ സെല്ലുകൾ എവിടെയൊക്കെ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ജില്ലാ കാൻസർ കെയർ സെന്ററുകൾ അനുവദിച്ചിട്ടുള്ളതും പ്രവർത്തിക്കുന്നതുമായ സ്ഥാപനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>തിരുവനന്തപുരം ജനറൽ ആശുപത്രി, കൊല്ലം ജില്ലാ ആശുപത്രി, പുനലൂർ താലൂക്ക് ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, കോഴഞ്ചേരി ജില്ലാ ആശുപത്രി (ആർ.സി.സി. നേരിട്ട് നടത്തുന്നത്), ആലപ്പുഴ ജനറൽ ആശുപത്രി, മാവേലിക്കര ജില്ലാ ആശുപത്രി, തൊടുപുഴ താലൂക്കാശുപത്രി, കോട്ടയം ജില്ലാ ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, പറവൂർ ജില്ലാ ആശുപത്രി (ഈ വർഷം ആരംഭിക്കുന്നത്), തൃശ്ശൂർ ജില്ലാ ആശുപത്രി, പാലക്കാട് ജില്ലാ ആശുപത്രി, തിരൂർ ജില്ലാ ആശുപത്രി, കണ്ണൂർ ജില്ലാ ആശുപത്രി, കാസറഗോഡ് ജില്ലാ ആശുപത്രി (ഡോക്ടറുടെ പരിശീലനം കഴിയുമ്പോൾ പുനരാരംഭിക്കുന്നതാണ്), നല്ലൂർനാട് ട്രൈബൽ ആശുപത്രി, വയനാട്. |

| | | | |
|---|---|---|---|
| | | | ആർ.സി.സി.യുടെ കീഴിൽ ഉപകേന്ദ്രങ്ങളായ എറണാകുളം ജില്ലയിലെ കല്ലൂരും, പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കണ്ണൂർ, കോഴഞ്ചേരി എന്നിവിടങ്ങളിലെ മുൻകൂർ കാൻസർ നിർണ്ണയ കേന്ദ്രങ്ങൾക്ക് ആവശ്യമായ സാങ്കേതിക സഹായവും ആർ.സി.സി നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ